# 'നീര' വെൻഡിങ് മെഷീനുകൾക്ക് വഴിയൊരുങ്ങി

കൊച്ചി ● നാളികേര വികസന ബോർഡിനു കീഴിൽ റജിസ്റ്റർ ചെയ്ത കർഷക കൂട്ടായ്മകൾ ഉൽപാദിപ്പിക്കുന്ന നീരയുടെ വിപണന പ്രവർത്തനങ്ങൾക്കു പിന്തുണ നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു സർക്കാർ അനുമതി. ഇതോടെ, തദ്ദേശ സ്ഥാപനങ്ങളുടെ പിൻതുണയോടെ കേരളത്തിലുടനീളം നീര വെൻഡിങ് മെഷീനുകൾ സ്ഥാപിക്കാനാണു സാഹചര്യമൊരുങ്ങുന്നത്.

നാളികേരള വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ്. കർഷക കൂട്ടായ്മകളായ ഫെഡറേഷനുകൾ വഴി ഉൽപാദിപ്പിച്ചു സംസ്കരിച്ചു വിപണിയിൽ ഇറക്കുന്ന നീരയും ഉപോൽപന്നങ്ങളും ത്രിതല പഞ്ചായത്തുകളും നഗരസഭകളും വഴി വിപണനം ചെയ്യുന്നതിനു സഹായം അഭ്യർഥിച്ചാണു ചെയർമാൻ കത്തയച്ചത്.